## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3605 14.03.2017-ൽ മറുപടിയ്ക്ക്

## കിഫ്ബിയിൽ ഉൾപ്പെടുത്തി അച്ചടി വകുപ്പിന്റെ വികസനം

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | | **ശ്രീ.പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ അച്ചടി വകുപ്പിന്റെ വികസനത്തിന് വേണ്ടി 2016-2017 ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടോ ? | (എ) | ഇതു സംബന്ധിച്ച തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല |
| (ബി) | പ്രസ്തുത നിധിയിൽ നിന്നുള്ള തുക ഉപയോഗിക്കുമ്പോൾ അച്ചടി വകുപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്;നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ? | (ബി, (സി & ഡി) | ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. രാജേന്ദ്രകുമാർ അനയത്ത് അദ്ധ്യക്ഷനായി ,5.11.2016- ലെ സ.ഉ (സാധാ) 3025/16/ഉവിവ പ്രകാരം ഒരു വിദഗ്ദസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത നിധി ഉപയോഗം സംബന്ധിച്ച് അച്ചടി വകുപ്പിലേയും സർക്കാർതലത്തിലേയും ഉദ്യോഗസ്ഥർ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ;പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | |
| (ഡി) | സ്വകാര്യ അർദ്ധ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്സുകൾ ഗവൺമെന്റ് പ്രസ്സുകളുമായി സഹകരിച്ചസർക്കാർ അച്ചടിജോലികൾ നിർവ്വഹിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ